**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 429 — 10.03.2015-ലെ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങളുടെ പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>,, കെ.ദാസൻ<br>,, സി.കെ.സദാശിവൻ<br>,, കെ.കെ.നാരായണൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) പൊതുവിപണിയിൽ ഇടപെടേണ്ട സഹകരണ സ്ഥാപനങ്ങൾ സർക്കാർ സഹായം ലഭിക്കാത്തതിനാൽ അടച്ചുപൂട്ടേണ്ട സ്ഥിതിയിലാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിനകം അടച്ചുപൂട്ടിയ നീതിസ്റ്റോറുകളും നന്മസ്റ്റോറുകളും എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും കൺസ്യൂമർ ഫെഡറേഷൻ നേരിട്ട് നടത്തുന്ന 9 നന്മ സ്റ്റോറുകളും സംസ്ഥാനത്തൊട്ടാകെ 200 നീതി സ്റ്റോറുകളും നിർത്തലാക്കിയിട്ടുണ്ട്. തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ചുവന്ന സ്റ്റോറുകൾ മാത്രമാണ് നിറുത്തൽ ചെയ്തിട്ടുള്ളത്. |
| (സി) ഇത്തരത്തിൽ സഹകരണ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നത് പൊതുവിപണിയിൽ വിലക്കയറ്റം സൃഷ്ടിക്കുമെന്നതു പരിശോധിച്ചിട്ടുണ്ട; വിശദമാക്കാമോ; | |

(ഡി) സ്വകാര്യ മേഖലയിലെ വൻകിട റീട്ടെയിൽ കച്ചവടക്കാരെ സഹായിക്കാനാണ് സഹകരണസ്ഥാപനങ്ങൾ തകരുന്നതരത്തിൽ നിലപാട് സ്വീകരിക്കുന്നതെന്ന ആക്ഷേപത്തിൽ അഭിപ്രായം വ്യക്തമാക്കാമോ?

(ഡി) പൊതുവിപണിയിലിടപെടുന്നതിനും വില വർദ്ധനവ് നിയന്ത്രിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങളാണ് സഹകരണ സ്ഥാപനങ്ങൾ നടത്തിവരുന്നത്. മറിച്ചൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ